(എ) ബാബുപോൾ കമ്മിഷൻ നിർദ്ദേശമനുസരിച്ച് ഗ്രാമവികസന ബ്ലോക്കുകളിൽ ഇപ്പോഴുള്ള ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക് തസ്തികകൾ ഗ്രാമ വികസന വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്നും നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏതു ഘട്ട ത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) സ്പെഷ്യൽ ആഫീസർ ശ്രീ. ബാബുപോൾ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

38 (1140) ടെസ്റ്റ് യോഗ്യത നേടിയ മിനിസ്റ്റീരിയൽ ജീവനക്കാർ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പിനു കീഴിൽ ടെസ്റ്റ് യോഗ്യത നേടിയ എത്ര മിനിസ്റ്റീരിയൽ ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ജീവനക്കാരെ പ്രൊമോട്ടു ചെയ്യാൻ ഉദ്ദേശിക്കു ന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 182 എൽ.ഡി. ക്ലാർക്കുമാരുണ്ട്.

(ബി)&(സി) ഒഴിവുകൾ വരുന്ന മുറയ്ക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

39 (1141) പുരാതന വസ്തുക്കളുടെ സംരക്ഷണത്തിന് നിയമനിർമ്മാണം

ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക പൈതൃക വസ്തുക്കളെ സംരക്ഷിച്ചു നിർത്തു ന്നതിനു വേണ്ടിയുള്ള നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാംസ്കാരികവും ചരിത്രപരവുമായ പൈതൃക വസ്തുക്കളെ സംരക്ഷിക്കുന്നതു സംബന്ധിച്ച് നിയമനിർമ്മാണം എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെ സംബന്ധിച്ച് ഒരു ദേശീയ സെമിനാർ തിരുവനന്തപുരത്തു വച്ച് സംഘടിപ്പിക്കുകയുണ്ടായി. ഈ സെമിനാറിൽ ഉന്നയിക്കപ്പെട്ട ആശയങ്ങളും അഭിപ്രായങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

40 (1144) തൃപ്പൂണിത്തുറ ഹിൽപാലസിലെ സ്പേസ് തിയേറ്റർ

ശ്രീ. ടി.എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽപ്പാലസിൽ ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന സ്പേസ് തിയേറ്ററിന്റെ പണികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ട് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇത് സംബന്ധമായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു;

(ഡി) ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഹിൽപ്പാലസിലെ സന്ദർശകർക്ക് ഈ സ്ഥാപനം സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി നിർമ്മിച്ച 16 എം.എം. ഗ്രന്ഥചിത്രത്തിന്റെ നിർമ്മാതാവിന് എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ,

(എഫ്)ഇനി എന്ത് തുക കൂടി ലഭിക്കാനുണ്ടെന്നാണ് നിർമ്മാതാവ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) 1955 ലെ തിരുവിതാകൂർ കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (ആക്ട് 12) പ്രകാരം ഹിൽപ്പാലസ് പരിസര വികസനത്തിനുവേണ്ടി 'സൊസൈറ്റി ഫോർ ദി പ്രസർവേഷൻ ഓഫ് ഹിൽപ്പാലസ് പ്രെമിസസ്' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് ജി.ഒ. (പി) 29/92/സി.എ.ഡി. തീയതി 20.11.92 പ്രകാരം ഉത്തരവാകുകയും സൊസൈറ്റി നിലവിൽ വരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത സൊസൈറ്റി തൃപ്പൂണിത്തുറ ഹിൽപാലസ് കോംപൗണ്ടിൽ ഒരു സ്പേസ് തിയേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ജപ്പാനിലെ 'ഗോടോ' എന്ന കമ്പനിയുമായി ഒരു കരാറിൽ ഒപ്പുവച്ചിരുന്നു. പ്രസ്തുത സ്പേസ് തിയേറ്ററിന്റെ ശിലാസ്ഥാപനം 2.10.94-ൽ നടത്തിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് 'ഗോടോ' കമ്പനിയുമായുണ്ടാക്കിയ കരാർ ഇതുവരെ നടപ്പാക്കിയിട്ടില്ല. ഈ പ്ലാനട്ടോറിയം സ്ഥാപിക്കുന്നതിന് മുൻസർക്കാർ തത്വത്തിൽ അനുമതി നൽകുകയും അതിനുവേണ്ടി 1996-97 വർഷത്തെ ബഡ്ജറ്റിൽ 555.5 ലക്ഷം രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തുവെങ്കിലും ആ ഇനത്തിൽ ഫണ്ട് ഒന്നും അനുവദിച്ചിരുന്നില്ല.

ഇതിനിടെ 'ഗോടോ' കമ്പനി ഇതു സംബന്ധിച്ച അവരുടെ ഓഫർ രണ്ട് വർഷം കഴിഞ്ഞിട്ടുള്ളതിനാൽ പരിഷ്കരിക്കേണ്ടതുണ്ടെന്നറിയിച്ചതിനെത്തുടർന്ന് പുതുക്കിയ 'ഓഫർ' അയച്ചുതരുവാൻ ആവശ്യപ്പെട്ടതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly